പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി X

(SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2025 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 സെപ്റ്റംബർ 19-ാം തീയതി സമർപ്പിച്ചത്
(Presented on 19th of September 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

FCP 8dGS

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി X

(SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST ENVIRONMENT AND TOURISM)

പീരിയോഡിക്കൽ റിപ്പോർട്ട്

(2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

FCP 8dGS

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |


FCP 8dGS

# സബ്ജക്റ്റ് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (2023-2026)

### ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം - വന്യജീവി വകുപ്പുമന്ത്രി

<u>എക്സ്-ഒഫിഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്
പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. സുനിത സി, അണ്ടർ സെക്രട്ടറി

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

2021 ജൂൺ 7-ാം തീയതിയിലെ 23-ാം നമ്പർ ബുള്ളറ്റിൻ ഭാഗം -2 പ്രകാരം 2021-23 കാലയളവിലേക്കായും 2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2023-26 കാലയളവിലേക്കായും രൂപീകൃതമായ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X- ൽ 2025 ജൂലൈ 15-ാം തീയതിയിലെ 635-ാം നമ്പർ ബുള്ളറ്റിൻ ഭാഗം -2 പ്രകാരം ഉൾപ്പെടുത്തിയ പുതിയ അംഗമായ ശ്രീ. ആര്യാടൻ ഷൗക്കത്ത് ഉൾപ്പെടെ ആകെ 11 അംഗങ്ങളാണുള്ളത്.

പതിനഞ്ചാം കേരള നിയമസഭയുടെ 2023-2026 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി X, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 29.05.2024, 09.07.2024, 25.09.2024, 23.10.2024, 10.01.2025, 18.02.2025, 21.02.2025, 27.02.2025, 25.03.2025 എന്നീ തീയതികളിൽ സമിതി 9 യോഗങ്ങൾ ചേരുകയും 24.11.2024 മുതൽ 01.12.2024 വരെ അഖിലേന്ത്യാ പഠന പര്യടനം നടത്തുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 51% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025 സെപ്റ്റംബർ 18- ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ.കെ.ശശീന്ദ്രൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2025, സെപ്റ്റംബർ. 19

## റിപ്പോർട്ട്

## അധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2024 ജൂലൈ 09-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂലൈ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2024 ജൂലൈ 09-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂലൈ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. സമിതിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2024 മാർച്ച് 05-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. വനമേഖലയിലെ ഇക്കോടൂറിസം എന്ന വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് 2024 മെയ് 29-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ജൂൺ 10-ാം തീയതി സഭയിൽ

സമർപ്പിക്കുകയും ചെയ്തു.

5. സമിതിയുടെ 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2025 മാർച്ച് 03-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**അദ്ധ്യായം II**

**സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ**

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭ്യമായിട്ടില്ല.

**അദ്ധ്യായം III**

**സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ**

1. സമിതിയുടെ 29.05.2024 – ലെ യോഗം, കേരള എയർ റൂൾ 1976, കേരള വാട്ടർ റൂൾ 1984 എന്നിവയിലെ ഭേദഗതി ചട്ടം സാധൂകരിച്ചു.

(ഫയൽ നം. 17748/സബ്.സി.എഫ്.1/2023/നി.സെ.)

2. സമിതിയുടെ 25.03.2025 – ലെ യോഗം, കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടം അംഗീകരിച്ചു.

(ഫയൽ നം. KLS/2155/2025-സബ്.സി.എഫ്.1)

**അദ്ധ്യായം IV**

**നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ**

1) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സമിതി, 29.05.2024 ന് യോഗം ചേരുകയും "വനാതിർത്തികളിലെ ഫെൻസിംഗും ജൈണ്ട കെട്ടലും" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

(ഫയൽ നം. 17643/സബ്.സി.എഫ്.1/2023/നി.സെ.)

2) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സമിതി, 25.09.2024 ന് യോഗം ചേരുകയും "വനം വകുപ്പിനുള്ള കേന്ദ്ര ധനസഹായം" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

(ഫയൽ നമ്പർ 13561/സബ്.സി.എഫ്1/24/നിസെ)

3) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സമിതി, 10.01.2025 ന് ചാലക്കുടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് കോൺഫറസ് ഹാളിൽ യോഗം ചേരുകയും "ആതിരപ്പിള്ളി-വാഴച്ചാൽ പ്രദേശത്തെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും തുടർന്ന് സമിതി, പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ആതിരപ്പള്ളി-വാഴച്ചാൽ പ്രദേശത്തെ ഇക്കോടൂറിസം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 20489/സബ്.സി.എഫ്1/24/നിസെ)

അദ്ധ്യായം V

**<u>നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന</u>**

<u>റിപ്പോർട്ടുകളുടെ വിവരങ്ങൾ</u>

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2023-24 | XXXIV - വനം | വനം വന്യജീവി വകുപ്പ് | 11-07-2024 |
| 2022-2023 [കാലതാമസ പത്രിക സഹിതം] | XLII - വിനോദസഞ്ചാരം | വിനോദസഞ്ചാര വകുപ്പ് | 18-03-2025 |

**അദ്ധ്യായം VI**

**(എ) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റ്കളുടെ സംഗ്രഹം**

2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനം വന്യജീവി, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടില്ല.

**ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**

മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ അതത് വർഷങ്ങളിലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

i. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്

(ഫയൽ നം. 3394/സബ്.സി.എഫ്.1/2018/ലെ.ജി)

പ്രസ്തുത റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണുള്ളത്. ടി ശിപാർശകൾ വനം-വന്യജീവി വകുപ്പുമായും വിനോദസഞ്ചാര വകുപ്പുമായും ബന്ധപ്പെട്ടതും എല്ലാ ശിപാർശകളിന്മേലും മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഇതിൽ ഖണ്ഡിക നമ്പർ 24, 26 എന്നിവയിൽ വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയ മറുപടിയും ഖണ്ഡിക നമ്പർ 22 മുതൽ 31 വരെയും 33 മുതൽ 47 വരെയുമുള്ള ശിപാർശകൾക്ക് വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ മറുപടിയും 29.05.2024 ലെ സമിതി യോഗം പരിഗണിക്കുകയും വനം-വന്യജീവി, വിനോദസഞ്ചാര വകുപ്പുകളോട് അധിക വിവരം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

### വിനോദസഞ്ചാര വകുപ്പ്

### ശിപാർശ നം. 24

ആദ്യമായി പവർ ജനറേഷൻ ആരംഭിച്ച "ഏലംപീഠിക" വളരെ നല്ല രീതിയിൽ സാമ്പത്തിക ലാഭം നേടുന്ന ഇ.ഡി.സി. മേഖലയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ വരുമാനം ലഭിക്കുന്ന അതിരപ്പിള്ളി, വാഴച്ചാൽ തുടങ്ങിയ മേഖലകളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്ക് യാതൊരു പങ്കാളിത്തവുമില്ലെന്നും ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ചകളും തുടർനടപടികളോ ഇവിടെ നടക്കുന്നില്ലെന്നും സമിതി

നിരീക്ഷിച്ചു. ഇത്തരം മേഖലകളിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ജനപ്രതിനിധികൾക്ക് അവസരം ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രാധാന്യവും വരുമാനവും അനുസരിച്ച് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾക്ക് ഗ്രേഡിങ് നൽകണമെന്നും വരുമാനം ഏറ്റവും കൂടുതലുള്ള വി.എസ്.എസ്./ഇ.ഡി.സി.കൾ ഉൾപ്പെടുന്ന ഗ്രേഡ് I ൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിച്ച പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ. യെ അംഗമായും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ ആ പ്രദേശത്തെ വാർഡ് മെമ്പർമാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും ഗ്രേഡിങ്ങിൽ ഉൾപ്പെടുത്താത്ത ഡെസ്റ്റിനേഷനുകളിൽ നടക്കുന്ന പ്രവർത്തികളെക്കുറിച്ച് അറിയുവാൻ എം.എൽ.എ.മാർക്ക് താല്പര്യമുണ്ടെങ്കിൽ യോഗങ്ങളിൽ അവരെ കൂടി പങ്കെടുപ്പിക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനുള്ള സ്വാതന്ത്ര്യം എം.എൽ.എ.മാർക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്</u>

സംസ്ഥാനത്തെ ഇക്കോ ടൂറിസം പദ്ധതികൾ എല്ലാം, വനമേഖലകളിലും ജലവൈദ്യുത പദ്ധതികളുടെ വൃഷ്ടിപ്രദേശത്തിനു സമീപവുമായാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ തെന്മല ഒഴികെയുള്ള ഇക്കോ ടൂറിസം പദ്ധതികൾ എല്ലാം വനംവകുപ്പിന്റെ നിയന്ത്രണത്തിലുമാണ്. ഈ സാഹചര്യത്തിൽ ഇക്കോ ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് ഗ്രേഡ് നൽകാനായി ഏറ്റവും അധികം വരുമാനം ഉള്ള വി.എസ്.എസ്./ഇ.ഡി.സി.കൾ ഉൾപ്പെടുന്ന ഗ്രേഡ് 1 വിഭാഗത്തിൽ അഡിഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിക്കാനും പ്രസ്തുത സമിതിയിൽ സ്ഥലം എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗങ്ങൾ തുടങ്ങിയ ജനപ്രതിനിധികളെ ഉൾപ്പെടുത്താനും തീരുമാനം സ്വീകരിക്കേണ്ടത് വനം വകുപ്പാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

## ശിപാർശ നം. 26

ഇക്കോട്ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിലെ വി. എസ്. എസ്./ഇ. ഡി. സി.കൾക്ക് മാത്രമാണ് നല്ല വരുമാനം ലഭിക്കുന്നതെന്നും പൊന്മുടി, പാലരുവി, കോന്നി, ആനക്കുളട്, പെരിയാർ, രാജമല, ആതിരപ്പിള്ളി, സൂചിപ്പാറ (സൗത്ത് വയനാട്), പാക്കം-കുറുവ (സൗത്ത് വയനാട്) എന്നിവയാണ് നിലവിൽ ഒരുകോടി രൂപയ്ക്ക് മുകളിൽ വരുമാനം നേടുന്ന വി. എസ്. എസ്./ഇ. ഡി. സി.കൾ എന്നും സമിതി മനസ്സിലാക്കുന്നു. പൊതുജനങ്ങളിൽ നിന്നും സന്ദർശന ഫീസായും പാർക്കിംഗ് ഫീസായും പണം സ്വരൂപിക്കുന്ന ഇത്തരം മേഖലകളിൽ പലസ്ഥലങ്ങളിലും വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലും ഉറപ്പാക്കുന്നില്ലെന്നുള്ള വസ്തുത സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ വിനോദസഞ്ചാരികളിൽ നിന്നും ഇക്കോ ടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം അടിയന്തരമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിനോദസഞ്ചാരികളുടെ പരാതികൾ/ നിർദ്ദേശങ്ങൾ ഓൺലൈനായി സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വനം വകുപ്പിൽ നിന്ന് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങളിൽ ആവശ്യമായ വികസനത്തിന് നടപടി സ്വീകരിക്കുന്നതാണ്. ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ പരാതികൾ/നിർദ്ദേശങ്ങൾ അതത് ഡെസ്റ്റിനേഷനുകളിലും വനം വകുപ്പ് ആസ്ഥാനത്തും ഓൺലൈൻ വ്യവസ്ഥയിൽ സ്വീകരിക്കാൻ നടപടിയെടുക്കുന്നത് ഉചിതമായിരിക്കുമെന്ന് വിവരവും ഇതിനാൽ അറിയിക്കുന്നു.

വനം-വന്യജീവി വകുപ്പ്

ശിപാർശ നം. 22

വി.എസ്.എസ്./ഇ. ഡി. സി. കളിൽ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റിനെ അംഗമാക്കണമെന്നും വി.എസ്.എസ്./ ഇ. ഡി. സി. യുടെ ഏതെങ്കിലും ഒരു യോഗത്തിൽ പങ്കെടുക്കണമെന്ന് സ്ഥലം എം.എൽ.എ.മാർ ആവശ്യപ്പെട്ടാൽ അതിനുള്ള അവസരവും ജനകീയ സമിതികളുടെ യോഗം വിളിച്ചുചേർക്കുന്നതിന് നിർദ്ദേശം നൽകുന്നതിനുള്ള സ്വാതന്ത്ര്യം ജനപ്രതിനിധികൾക്കുണ്ടാകണമെന്നും അതോടൊപ്പം യോഗത്തെ സംബന്ധിച്ചുള്ള വിശദവിവരം അതാത് പ്രദേശത്തെ എം.എൽ.എ.മാരെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വനത്തിനുള്ളിൽ നിശ്ചയിക്കപ്പെടുന്ന സ്ഥലവും വനത്തിന് പുറത്ത് പഞ്ചായത്ത് വാർഡിന്റെ അതിർത്തിയോ 2 കി.മീറ്ററോ ഏതാണ് കുറവ് എന്ന് വെച്ചാൽ അതായിരിക്കും ഒരു വി.എസ്.എസ്. പദ്ധതി പ്രദേശം. വി.എസ്.എസ്/ ഇ.ഡി.സി. എന്നിവ വളരെ ചെറിയ പ്രദേശം ഉൾക്കൊള്ളുന്നതിനാലും വനമേഖലയോട് ചേർന്നുള്ള പഞ്ചായത്തിൽ ഇത്തരത്തിൽ ഒന്നിലധികം വി.എസ്.എസ്./ഇ.ഡി.സി എന്നിവ പ്രവർത്തിക്കുന്നതിനാലും പ്രസ്തുത സമിതികളിൽ പഞ്ചായത്ത് പ്രസിഡന്റിനെ അംഗമാക്കുന്നത് അപ്രായോഗികമാണെന്ന് കാണുന്നു. എന്നാൽ വി.എസ്.എസ്. കളുടെ യോഗത്തിൽ ആവശ്യമനുസരിച്ച് പ്രത്യേക ക്ഷണിതാവായി പഞ്ചായത്ത് പ്രസിഡന്റ്/നിയമസഭാ സാമാജികൻ എന്നിവരെ കൂടി പങ്കെടുപ്പിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്ത് വാർഡ് അംഗം നിലവിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗവുമാണ്

ശിപാർശ നം. 23

ഒരു ഫോറസ്റ്റ് ഡിവിഷനു കീഴിലുള്ള വനവികസന ഏജൻസി (ഫോറസ്റ്റ്

ഡെവലപ്മെൻറ് ഏജൻസി) കളിൽ പ്രസ്തുത ഫോറസ്റ്റ് ഡിവിഷനിൽ ഉൾപ്പെട്ട എല്ലാ എം.എൽ.എ.മാരെയും എക്സ് ഒഫീഷ്യോ അംഗങ്ങളായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വനവികസന ഏജൻസികളുടെ പരിധിയിൽ വരുന്ന എല്ലാ എം.എൽ.എ.മാരെയും ആവശ്യാനുസരണം പ്രത്യേക ക്ഷണിതാക്കളായി ബന്ധപ്പെട്ട വനവികസന ഏജൻസിക്ക് പങ്കെടുപ്പിക്കാവുന്നതാണ്.

ശിപാർശ നം. 24

പ്രാധാന്യവും വരുമാനവും അനുസരിച്ച് ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് ഗ്രേഡിംഗ് നൽകണമെന്നും വരുമാനം ഏറ്റവും കൂടുതലുള്ള വി.എസ്.എസ്./ഇ.ഡി.സി. കൾ ഉൾപ്പെടുന്ന ഗ്രേഡ് I ൽ അഡീഷണൽ ഡെസ്റ്റിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ.യെ എക്സ്- ഒഫീഷ്യോ അംഗമായും ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, ആ പ്രദേശത്തെ വാർഡ് മെമ്പർമാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും ഗ്രേഡിങ്ങിൽ ഉൾപ്പെടുത്താത്ത ഡെസ്റ്റിനേഷനുകളിൽ നടക്കുന്ന പ്രവർത്തികളെ കുറിച്ച് അറിയുവാൻ എം.എൽ.എ.മാർക്ക് താൽപ്പര്യം ഉണ്ടെങ്കിൽ യോഗങ്ങളിൽ അവരെ കൂടി പങ്കെടുപ്പിക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനുള്ള സ്വാതന്ത്ര്യം എം.എൽ.എ.മാർക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വനപ്രദേശങ്ങളിൽ വി.എസ്.എസ്./ഇ.ഡി.സി.കൾ നടത്തുന്നത് ഇക്കോടൂറിസമാണ്. ഇവിടെയുള്ള വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹാർദ്ദമായിരിക്കേണ്ടതുണ്ട്. കൂടാതെ വാഹക ശേഷിയിൽ പരിമിതപ്പെടുത്തി മാത്രമേ ഇക്കോടൂറിസം അനുവദിക്കാനാവൂ. എന്നിരുന്നാലും ടൂറിസം

ഡെസ്റ്റിനേഷനുകൾക്ക് വാഹക ശേഷിയുടെ അടിസ്ഥാനത്തിൽ ഗ്രേഡിങ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വി.എസ്.എസ്./ഇ.ഡി.സികൾ എന്നിവ വളരെ ചെറിയ മേഖലയെ പ്രതിനിധീകരിക്കുന്ന ഏറ്റവും താഴെത്തട്ടിലുള്ള സമിതിയാണ്. അതിനാൽ ഇതിൽ എം.എൽ.എ. ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല. എന്നാൽ വാർഡ് അംഗങ്ങൾ നിലവിൽ വി.എസ്.എസ്./ഇ.ഡി.സി എന്നിവയുടെ എക്സിക്യൂട്ടീവ് അംഗങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ഈ വിഷയത്തിൽ താല്പര്യമുള്ള എം.എൽ.എ.മാർ എഫ്.ഡി.എയുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് തടസ്സമില്ല. വി.എസ്.എസ്./ഇ.ഡി.സി അംഗങ്ങളെല്ലാം ചേർന്ന് ആറുമാസത്തിൽ ഒരിക്കൽ നടത്തുന്ന പൊതുയോഗത്തിൽ തെരഞ്ഞെടുക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പൊതുയോഗം അംഗീകരിക്കുന്ന സൂക്ഷ്മസൂത്രണ രേഖ അനുസരിച്ചുള്ള വാർഷിക കർമ്മ പദ്ധതി നടപ്പിലാക്കുന്നത്. ഈ സമിതിയുടെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന വനം ഉദ്യോഗസ്ഥനാണ് യോഗം വിളിച്ചുകൂട്ടുന്നത്.

## ശിപാർശ നം. 25

വനസംരക്ഷണ സമിതികളെയും ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികളെയും ശക്തിപ്പെടുത്തുന്നതിനായി മേൽപ്പറഞ്ഞ വിധം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വി.എസ്.എസ്./ഇ.ഡി.സി എന്നിവയെ ശക്തിപ്പെടുത്തുന്ന കാര്യം അതാത് സമിതികളുടെ പൊതുയോഗം ചർച്ച ചെയ്യുകയും അതനുസരിച്ച് തയ്യാറാക്കുന്ന കർമ്മപദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നു. അതോടൊപ്പം വനവികസന ഏജൻസികൾ തയ്യാറാക്കുന്ന പ്രൊപ്പോസൽ പ്രകാരം ലഭിക്കുന്ന ഫണ്ട്

അനുസരിച്ച് അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്ന നടപടികളും നടപ്പിലാക്കി വരുന്നു. വി.എസ്.എസ്./ഇ.ഡി.സി/എഫ്.ഡി.എ. എന്നിവയുടെ പൊതുയോഗങ്ങളിൽ പ്രത്യേക ക്ഷണിതാവായി പഞ്ചായത്ത് പ്രസിഡണ്ട്/ നിയമസഭാ സാമാജികൻ എന്നിവർ പങ്കെടുക്കുന്നതിന് തടസ്സമില്ലാത്തതിനാൽ ഈ ആവശ്യത്തിനായി നിലവിലെ സംവിധാനങ്ങൾ ഭേദഗതി ചെയ്യേണ്ട സാഹചര്യം നിലവിലില്ല എന്ന് അറിയിക്കുന്നു.

ശിപാർശ നം. 26

വിനോദസഞ്ചാരികളിൽ നിന്നും ഫീസ് ഈടാക്കുന്ന ഇക്കോ ടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം അടിയന്തരമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിനോദസഞ്ചാരികളുടെ പരാതികൾ നിർദ്ദേശങ്ങൾ ഓൺലൈനായി സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

ഇക്കോ ടൂറിസം മേഖലകളിൽ നിന്നുള്ള വരുമാനം പ്രസ്തുത മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ വനപ്രദേശത്ത് സ്ഥിര നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വാഹകശേഷിക്ക് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യം മാത്രമേ ഒരുക്കേണ്ടതുള്ളൂ. വിനോദസഞ്ചാരികളുടെ പരാതിയും നിർദ്ദേശങ്ങളും ഓൺലൈനായി സ്വീകരിക്കുന്ന നടപടി നിലവിലുണ്ട്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമിതി പരിശോധിക്കുകയും ആവശ്യമെങ്കിൽ നടപ്പിലാക്കുകയും ചെയ്തു വരുന്നു.

ശിപാർശ നം. 27

സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും വരുമാനം സംബന്ധിച്ച്

കൃത്യമായ കണക്കുകൾ മനസ്സിലാക്കുന്നതിനും സാമ്പത്തിക ദുരുപയോഗത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനും വരുമാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കുന്നതിനും ആയി ഒരുകോടി രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള വി.എസ്.എസ്./ഇ.ഡി.സി കളിൽ ഓഡിറ്റിംഗ് നിർബന്ധമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്</u>

വി.എസ്.എസ്./ഇ.ഡി.സി./ എഫ്. ഡി. എ. എന്നീ അക്കൗണ്ട്സുകൾ സി&എ.ജി. അംഗീകരിച്ച പാനലിൽ ഉള്ള ഓഡിറ്റർമാരെ കൊണ്ട് ചെയ്യിക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. വർഷത്തിലൊരിക്കൽ ചേരുന്ന പൊതുയോഗത്തിന് മുമ്പായി അക്കൗണ്ട്സുകൾ ഓഡിറ്റ് ചെയ്യുന്നു. ഓഡിറ്റ് റിപ്പോർട്ട് സഹിതമാണ് പൊതുയോഗം വിളിച്ച് ചേർക്കുന്നത്.

<u>ശിപാർശ നം. 28</u>

പ്രാദേശിക ഘടനയ്ക്ക് അനുസൃതമായി ദൂരപരിധി നിർണയിച്ച് സമിതികൾ രൂപീകരിക്കണമെന്നും ടി സമിതികളിൽ 'വോളണ്ടറി ആൻഡ് ഓപ്പൺ മെമ്പർഷിപ്പ് ' എന്ന രീതിയിൽ അംഗത്വം നൽകി പരമാവധി ജോലി സ്ഥിരത ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്</u>

'വോളന്റെറി ആൻഡ് ഓപ്പൺ മെമ്പർഷിപ്പ് സമ്പ്രദായം' വി.എസ്.എസ്./ഇ.ഡി.സി.കളിൽ നിലവിലില്ല. വനാശ്രിത സമൂഹത്തിലുള്ള കുടുംബങ്ങളിൽ നിന്ന് രണ്ട് പേർക്കാണ് നിലവിലെ പങ്കാളിത്ത വനപരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അംഗത്വം ലഭിക്കുന്നത്. വനാശ്രിത സമൂഹത്തിൻറെ പങ്കാളിത്തത്തോടെയുള്ള വനസംരക്ഷണവും പരിപാലനവും ആണ് വി.എസ്.എസ്./ഇ.ഡി.സി.കളുടെ മുഖ്യ ലക്ഷ്യം.

<u>ശിപാർശ നം. 29</u>

വനസംരക്ഷണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എം.പി./എം.എൽ.എ. ഫണ്ടും കേന്ദ്രവിഷ്കൃത പദ്ധതി വിഹിതവും വനം വകുപ്പിന്റെ ഫണ്ടും വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്</u>

ഗ്രീൻ ഇന്ത്യ മിഷൻ പോലുള്ള കേന്ദ്രവിഷ്കൃത ഫണ്ട് ഉപയോഗിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാന പ്രവർത്തനങ്ങൾ വി.എസ്.എസ്./ഇ.ഡി.സി. എന്നിവ മുഖാന്തരമാണ് ആണ്. കൂടാതെ എം.പി./എം.എൽ.എ. ഫണ്ടുകൾ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതും ഉചിതമായിരിക്കും.

<u>ശിപാർശ നം. 30</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായി വി.എസ്.എസ്./ഇ.ഡി.സി.കളെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്</u>

വനസംരക്ഷണത്തോടൊപ്പം വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ, ജീവിതനിലവാര ഉയർച്ച, സ്ഥിര വികസന കാര്യങ്ങൾ നിർമ്മിക്കൽ, മൊത്തത്തിൽ അവരുടെ ജീവിതസൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യം വച്ചാണ് വി.എസ്.എസ്./ഇ.ഡി.സി. എന്നിവ രൂപീകരിച്ചിട്ടുള്ളത്. നിലവിലെ വനനിയമങ്ങൾക്കനുസൃതമായും വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഹാനികരമല്ലാത്ത രീതിയിലുമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ സാങ്കേതിക പരിജ്ഞാനം ഉള്ള വി.എസ്.എസ്./ഇ.ഡി.സി. കൾക്ക് അതേറ്റെടുക്കാവുന്നതാണ്.

<u>ശിപാർശ നം. 31</u>

വരുമാനം കുറഞ്ഞ വി.എസ്.എസ്./ഇ.ഡി.സി.കളെ

സഹായിക്കുന്നതിനായി വരുമാനം കൂടുതലുള്ള വി.എസ്.എസ്./ഇ.ഡി.സി. കളുടെ ഫണ്ട് കൈമാറ്റം ചെയ്യണമെന്നും ഇതിനായി ഒരു കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

ഇതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ആയതിന് ഇക്കോസിസ്റ്റം മാനേജ്മെൻറ് ഫണ്ട് വിനിയോഗിക്കുന്നതിന് പരിഷ്കരിച്ച മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 40/17/വനം തീയതി 23.08.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ നം. 33

വന്യജീവികളുടെ നാട്ടിലേക്കുള്ള കടന്നുകയറ്റം പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളുടെ നവീകരണം മൺബണ്ട്/തടയണ നിർമ്മാണം എന്നീ പ്രവർത്തികൾ വി.എസ്.എസ്./ഇ.ഡി.സി.കൾ മുഖേന നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

കേന്ദ്രവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ മുഖേന ഇത്തരം പ്രവൃത്തികൾ വി.എസ്.എസ്./ഇ.ഡി.സി.കൾ ഏറ്റെടുത്തു നടത്തുന്നുണ്ട്

ശിപാർശ നം. 34

വന്യജീവികളുടെ ആവാസ വ്യവസ്ഥയും ഭക്ഷ്യലഭ്യതയും ഉറപ്പുവരുത്തുന്നതിനായി മുൻകാലങ്ങളിൽ തേക്ക് തോട്ടങ്ങൾ നിർമ്മിച്ച മാതൃകയിൽ വനത്തിനുള്ളിൽ മാവ്, പ്ലാവ്, പുളി, വെട്ടി, പന തുടങ്ങിയ ഫലവൃക്ഷങ്ങൾ വി.എസ്.എസ്./ഇ.ഡി.സി.കളുടെ നേതൃത്വത്തിൽ നട്ടുപിടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

എൻ.എ.പി./ജി.ഐ.എം. എന്നീ കേന്ദ്രവിഷ്കൃത പദ്ധതികളിൽ പ്രക്ഷീണ

വനങ്ങളിൽ ഫലവൃക്ഷങ്ങളടക്കമുള്ള തദ്ദേശീയമായ വൃക്ഷങ്ങൾ നിലവിൽ വച്ചുപിടിപ്പിക്കുന്നുണ്ട്.

ശിപാർശ നം. 35

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ തടയുന്നതിനായുള്ള ഇലക്ട്രിക് ഫെൻസിംഗിൽ ചെടികൾ പടർന്നുകയറി വൈദ്യുതി പ്രസരണം തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ ഇത് പുനസ്ഥാപിക്കുന്നതിനുള്ള മെയിന്റനൻസ് പണികൾ കൂടി വി.എസ്.എസ്./ഇ.ഡി.സി.കളെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

നിലവിൽ സോളാർ ഇലക്ട്രിക് ഫെൻസുകളുടെ പരിപാലനം വി.എസ്.എസ്./ഇ.ഡി.സി.കളെ ഏൽപ്പിച്ചു വരുന്നു.

ശിപാർശ നം. 36

വട്ടവടയിലെ ചെക്ക് ഡാം നിർമ്മാണം വി.എസ്.എസ്./ഇ.ഡി.സി.കളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് പ്രവൃത്തി അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

സമിതിയുടെ ശിപാർശ മൂന്നാർ വൈൽഡ് ലൈഫ് വാർഡന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നതാണ്

ശിപാർശ നം. 37

വിവിധ വകുപ്പുകൾക്ക് വനമേഖലയിൽ വി.എസ്.എസ്./ഇ.ഡി.സി. മുഖേന പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച സാധ്യത പരിശോധിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

നിലവിലെ വനനിയമങ്ങൾക്കനുസൃതമായും വനപരിപാലന

തത്വങ്ങൾക്കനുസൃതമായുമുള്ള പ്രവർത്തികൾ മറ്റു വകുപ്പുകൾ ആസൂത്രണം ചെയ്താൽ അവ നടപ്പിലാക്കുന്ന കാര്യം വി.എസ്.എസ്./ഇ.ഡി.സി. കളെ ഏൽപ്പിക്കാവുന്നതാണ്. നിലവിൽ ചില വകുപ്പുകളുടെ ജോലികൾ പ്രാപ്തരായ ചില വി.എസ്.എസ്. കൾ ഏറ്റെടുത്ത് ചെയ്യുന്നുണ്ട്.

ശിപാർശ നം. 38

വി.എസ്.എസ്./ഇ.ഡി.സി. കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സമിതി അംഗങ്ങൾ മുഖേന ഇലക്ട്രിസിറ്റി ബോർഡുമായി സഹകരിച്ച് ട്രൈബൽ കോളനികളിൽ റോട്ടറി മെഷീൻ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും സോളാർപാനലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വി.എസ്.എസ്./ഇ.ഡി.സി. എന്നിവ പ്രവർത്തിക്കുന്ന പ്രദേശത്തെ സാധ്യതകൾക്കനുസരിച്ച് പ്രവർത്തനം നടത്തുകയും വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തു എഫ്.ഡി.എ./എസ്.എഫ്.ഡി.എ എന്നിവയുടെ അംഗീകാരം നേടി നടപ്പിലാക്കുകയെന്നത് വി.എസ്.എസ്./ഇ.ഡി.സി. എന്നിവയുടെ പ്രാഥമിക കർത്തവ്യമാണ്. ട്രൈബൽ കോളനികളിൽ റോട്ടറി മെഷീൻ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ശിപാർശ നം. 39

വരും വർഷങ്ങളിൽ കാട്ടുതീ നിയന്ത്രണവിധേയമാക്കുന്നതിനായി ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് വനംവകുപ്പ് ജീവനക്കാരോടൊപ്പം കാട്ടുതീ നിയന്ത്രിക്കുന്നതിനായുള്ള നൈപുണ്യ പരിശീലനം വനസംരക്ഷണസമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി പ്രവർത്തകർക്ക്

നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നിറവേറ്റുന്നത് സംരക്ഷണ വിഭാഗം ജീവനക്കാരിലൂടെയാണ്. വി.എസ്.എസ്./ഇ.ഡി.സി. എന്നിവയുടെ കർമ്മ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പുറമേ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ള അംഗങ്ങൾക്ക് ഇത്തരത്തിൽ പരിശീലനം നൽകി വരുന്നു.

ശിപാർശ നം. 40

കാട്ടുതീ സാധ്യതയുള്ള മേഖലകളിൽ വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കാട്ടുതീ മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വി.എസ്.എസ്./ഇ.ഡി.സി. കൾ വഴി സംസ്ഥാനത്തെ പകുതിയോളം വരുന്ന കാട്ടുതീ പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ശിപാർശ നം. 41

വനത്തിനുള്ളിലെ തടയണ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വി.എസ്.എസ്./ഇ.ഡി.സി.കളുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും അതോടൊപ്പം ജനവാസ കേന്ദ്രങ്ങളോട് അടുത്തുള്ള വനമേഖലകളിൽ കാട്ടുതീ ബോധവൽക്കരണ പ്രവർത്തനം വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വനത്തിനുള്ളിലെ തടയണ നിർമ്മാണ പ്രവൃത്തികളും കാട്ടുതീ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങളും വി.എസ്.എസ്./ഇ.ഡി.സി.

മുഖാന്തിരം നടത്തി വരുന്നു.

ശിപാർശ നം. 42

വനാശ്രിതരുടെ തൊഴിലവസരങ്ങളും ജീവനോപാധിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾക്ക് ഭരണതലത്തിൽ മതിയായ പരിശീലനം നൽകുന്നതിന് വനംവകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

പരിശീലനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്

ശിപാർശ നം. 43

വനമേഖല ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന വനമേഖലകളുടെ ചാർജ്ജുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേഖലയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ഒരു വ്യക്തി, വനസംരക്ഷണസമിതി/ഇക്കോ ഡെവലപ്മെന്റ് സമിതിയിലെ ഒരു അംഗം എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തല ജാഗ്രത സമിതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

07.02.2017-ലെ സർക്കാർ ഉത്തരവ് (സാധാ)നം 51/2017/വനം പ്രകാരം ജനജാഗ്രത സമിതികൾ രൂപീകരിക്കുകയും പ്രവർത്തിച്ച് വരുകയും ചെയ്യുന്നു.

ശിപാർശ നം. 44

വി.എസ്.എസ്./ഇ.ഡി.സി. സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജനാധിപത്യപരമാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വി.എസ്.എസ്./ഇ.ഡി.സി. എന്നിവയുടെ . പൊതുയോഗങ്ങൾ വിളിച്ച് ചേർത്തുകൊണ്ടാണ് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് രൂപം കൊടുക്കുന്നത്. വി.എസ്.എസ്. അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന 9 അംഗങ്ങളും മറ്റ് ഔദ്യോഗിക മെമ്പർമാരും ചേർന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. തികച്ചും ജനാധിപത്യ രീതിയിലാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ്.

ശിപാർശ നം. 45

ഫീൽഡ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി വി.എസ്.എസ്./ഇ.ഡി.സി. സമിതികളുടെ സെക്രട്ടറിമാരായി നിയമിക്കുന്നവരെ വനസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ നിന്നും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം മെച്ചപ്പെടുത്തുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതാണ്.

ശിപാർശ നം. 46

വി.എസ്.എസ്./ഇ.ഡി.സി.കളുടെ ഫണ്ടുകൾ അതത് പ്രദേശത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു..

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

നിലവിൽ വി.എസ്.എസ്./ഇ.ഡി.സി.കളുടെ ഫണ്ടുകൾ മിക്കവയും ദേശസാൽകൃത ബാങ്കുകളിലാണ്. ഇത്തരം ബാങ്കുകൾ സമീപത്ത് ഇല്ലാത്തപക്ഷം സഹകരണ ബാങ്കുകളെ ആശ്രയിക്കുന്നു.

ശിപാർശ നം. 47

വനസംരക്ഷണ സമിതികൾ എല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ

എന്ന് മനസ്സിലാക്കുന്നതിനായി അവയെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് (ആക്ഷൻ പ്ലാൻ) സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട്

വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണ്.

2. "കേരളത്തിലെ കായൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമാർജനം" എന്ന വിഷയം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട്

(ഫയൽ നം. 1599/സബ്.സി.എഫ്.1/2021/ലെ.ജി)

പ്രസ്തുത റിപ്പോർട്ടിൽ ആകെ ആകെ 25 ശിപാർശകളാണുള്ളത്. ഖണ്ഡിക നം. 4 -7, 11, 12, 15-21, 33-35, 37 എന്നിവയിലെ ശിപാർശയിന്മേൽ വിനോദസഞ്ചാര (സി) വകുപ്പ് 17.06.2023-ലെ ടൂർ സി3/35/21/ടൂർ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 29.05.2024 ലെ യോഗത്തിലും മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് 05.11.2022 -ലെ കത്ത് മുഖേന ശിപാർശ നം. 4 -7, 20, 21, 29, 33 എന്നിവയിന്മേലും മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് 13.12.2023 -ലെ കത്ത് മുഖേന ശിപാർശ നം. 32 ന്മേലും ആഭ്യന്തര (ഇ) വകുപ്പ് 28.04.2023 -ലെ കത്ത് മുഖേന ശിപാർശ നം. 35 ന്മേലും ലഭ്യമാക്കിയ റിപ്പോർട്ടുകൾ 25.09.2024 ലെ യോഗത്തിലും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വിനോദസഞ്ചാര വകുപ്പ്

ശിപാർശ നം. 4

കായലോര വിനോദസഞ്ചാരത്തിന്റെ മുഖ്യ ആകർഷണമാണ് ഹൗസ് ബോട്ടുകൾ, എന്നാൽ ഹൗസ് ബോട്ടുകൾ പുറന്തള്ളുന്ന മാലിന്യം കായൽ ജലത്തിന്റെ മലിനീകരണത്തോത് വളരെയധികം ഉയർത്തുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ആലപ്പുഴ കേന്ദ്രീകരിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ ഹൗസ് ബോട്ടുകൾ ഏറെയുള്ള വേമ്പനാട് കായലിൽ ഉയർന്ന തോതിലുള്ള കോളിഫോം ബാക്ടീരിയ കണ്ടെത്തുകയുണ്ടായി ഉയർന്ന

തോതിലുള്ള ബാക്ടീരിയയുടെ അളവിനുള്ള കാരണങ്ങളിലൊന്ന് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് മാലിന്യമാണ്. കായലോര വിനോദസഞ്ചാരം നിലനിർത്തുന്നതിനായി കായൽ - നദീജല മലിനീകരണം നിയന്ത്രിക്കേണ്ടതും അതിനായി ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം അടിയന്തരമായി തടയേണ്ടതുമാണ്.

## സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ കോട്ടയം ജില്ലകളിലായി വേമ്പനാട് കായലിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളിലെ സ്വീവേജ് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി നിലവിൽ കോട്ടയം കുമരകത്ത് ഡിടിപിസിയുടെ മേൽ നോട്ടത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു.

## ശിപാർശ നം. 5

ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ നിർമ്മാർജ്ജനത്തിനായി വിനോദസഞ്ചാരവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മേൽനോട്ടത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങളും തരംതിരിച്ച് ശേഖരിച്ച് പ്രതിദിനം നീക്കം ചെയ്യുന്നതിനായി ഡി.റ്റി.പി.സി. ഒരു ഏജൻസിയെ ടെണ്ടറിലൂടെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ തവണയും സർവ്വീസ് നടത്തി തിരികെ വരുന്ന ഹൗസ് ബോട്ടുകളിൽ നിന്നും ഏജൻസി നേരിട്ട് പ്രത്യേകം തയ്യാറാക്കിയ ബിന്നുകളിൽ മാലിന്യം ശേഖരിച്ച് അതാത് ദിവസം തന്നെ നീക്കം ചെയ്യുന്നുണ്ട്. സൗജന്യമായാണ് പ്രസ്തുത പ്രവൃത്തി ഡി.ടി.പി.സി നടത്തിവരുന്നത്. 2019 ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ആലപ്പുഴ പുന്നമട ഫിനിഷിംഗ് പോയിന്റ് ഹൗസ് ബോട്ട് ടെർമിനൽ

പരിസരത്താണ് ആരംഭിച്ചിരിക്കുന്നതെന്നും അടുത്ത ഘട്ടത്തിൽ ഹൗസ് ബോട്ടുകൾ കേന്ദ്രീകരിക്കുന്ന മറ്റ് മേഖലകളിലേയ്ക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഹൗസ് ബോട്ട് ടെർമിനലുകൾ കേന്ദ്രീകരിച്ച് മാലിന്യശേഖരണത്തിനും നീക്കം ചെയ്യലിനുമുള്ള പദ്ധതി ആലപ്പുഴ കൂടാതെ മറ്റ് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കണമെന്നും അതിനുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ ജില്ലയിലെ പുന്നമട ഫിനിഷിംഗ് പോയിന്റിനു പുറമേ ഹൗസ് ബോട്ട് സർവീസ് നടക്കുന്ന മറ്റിടങ്ങളിലെ ഹൗസ് ബോട്ട് ടെർമിനലുകളിൽ കൂടി മാലിന്യം ശേഖരിച്ച വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## ശിപാർശ നം. 6

ഹൗസ് ബോട്ടുകളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക്ക് ജൈവ - അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി ഹൗസ് ബോട്ടുകളിൽ പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇവിടെ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് കരയിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ നിക്ഷേപിച്ച് സംസ്കരിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ റൂൾ കർശന പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വകുപ്പിന്റെ ജില്ലാ ഓഫീസുകളും DTPC കളും മുഖേന പരിശോധന

നടത്താറുണ്ട്.

<u>ശിപാർശ നം. 4</u>

ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നിയമപരമായ യാതൊരു അധികാരവുമില്ലെന്നും ഹൗസ് ബോട്ടുകൾക്കുള്ള രജിസ്ട്രേഷൻ ലൈസൻസ് നൽകുന്നത് തുറമുഖ വകുപ്പാണെന്നും സമിതി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കണക്കിലെടുത്ത് സുരക്ഷാ സേവന മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഹൗസ് ബോട്ടുകളെ ക്ലാസിഫൈ ചെയ്യുന്ന ഒരു പദ്ധതി (അതിനുള്ള മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ) ആവിഷ്കരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ക്ലാസിഫിക്കേഷൻ അനുസരിച്ച് ഹൗസ് ബോട്ടുകളുടെ റേറ്റിംഗും സ്വീകാര്യതയും വിലയിരുത്തപ്പെടുമെന്നതിനാൽ മലിനീകരണ സംവിധാനങ്ങൾ പരിഷ്കരിക്കുന്നത് ഉൾപ്പെടെയുള്ള ഘടകങ്ങൾ മെച്ചപ്പെടുത്തുവാൻ ബോട്ടുടമകൾ നിർബന്ധിതരാകുമെന്ന് സമിതി കരുതുന്നു. ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടത്തി അതനുസരിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ടൂറിസം വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമായി നടപ്പാക്കിയാൽ (Mandatory) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യപ്രശ്നങ്ങൾക്ക് അറുതിയാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. ആയതിനാൽ ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ മാലിന്യനിർമ്മാർജ്ജനം/സംസ്കരണം ഒരു മുഖ്യഘടകമായി ഉൾക്കൊള്ളിക്കണമെന്നും ക്ലാസിഫിക്കേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നിയമപരമായി യാതൊരു അധികാരവുമില്ല. നിലവിൽ ഹൗസ് ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നത് തുറമുഖ വകുപ്പാണ്.

തുറമുഖ വകുപ്പിന്റെ സർട്ടിഫിക്കറ്റ് പരിശോധന കൂടി വിധേയമാക്കി വിനോദസഞ്ചാരികൾക്ക് ഹൗസ് ബോട്ട് യൂണിറ്റ് നൽകിവരുന്ന സേവന നിലവാരമനുസരിച്ച് ചുവടെ പറയും പ്രകാരം സിൽവർ, വെസ്സൽ, ഗോൾഡ് വെസ്സൽ, ഡയമണ്ട് വെസ്സൽ എന്നിങ്ങനെയുള്ള ക്ലാസ്സിഫിക്കേഷനുകൾ വകുപ്പ് നൽകി വരുന്നു.

ഹൗസ് ബോട്ട് ക്ലാസ്സിഫിക്കേഷൻ സംബന്ധിച്ച മാർഗ നിർദ്ദേശങ്ങളിൽ മാലിന്യ സംസ്കരണം മുഖ്യ ഘടകമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി ക്ലാസ്സിഫിക്കേഷനായി ഹൗസ്ബോട്ട് ഉടമകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതായിട്ടുണ്ട്.

**ഹൗസ് ബോട്ട് ക്ലാസ്സിഫിക്കേഷനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന രേഖകൾ കൂടി സമർപ്പിയ്ക്കേണ്ടതുണ്ട്.**

1. Acceptance of regulatory condition ₹ 200/- Stamp Paper
2. Copy of the upto date license from Port Department
3. Document relating to legal status, ie. if the company is incorporated in the Companies Act
4. Copy of the Memorandum and Articles of Association (of Company)
5. Copy of the partnership deed and the certificate of Registration under the Partnership Act, if it is a partnership firm.

6. Name and address of the proprietor etc., if it is proprietary concern
7. Copy of Police clearance certificate from the Local Station House Officer
8. Copy of Certificate from Pollution Control Board
9. Copy of third party insurance of travelers and staff
10. Copy of First aid training certificate of all staff
11. Copy of Fire training certificate of all staff
12. Copy of Medical certificate of kitchen staff, suppliers.
13. Copy of license of Syrang, Driver & Lascar.
14. Copy of Fire & Safety certificate.
15. Copy of FSSAI certificate
16. Declaration regarding the area of operation

മലിനീകരണ നിയന്ത്രണത്തിനായി ചെക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ താഴെപ്പറയും പ്രകാരമാണ്.

1. Alternative arrangements for discharging solid wastes and sewage like scientifically designed septic tanks and tanks and bio toilets
2. Biodegradable waste management (such as composting/aerobins/biogas plants etc)
3. Plastic and other non biodegradable waste management (such as collection agents)
4. Septage, liquid waste and sewage management (such as biotoilet/use of

septage treatment facilities)

5. Use of paper bags, cloth bags and other alternatives instead of polythene bags

ഹൗസ് ബോട്ട് ക്ലാസ്സിഫിക്കേഷൻ കമ്മിറ്റിയിൽ തുറമുഖ വകുപ്പിന്റെ ഡയറക്ടർ ഒരു അംഗമാണ്. മതിയായ രേഖകൾ ഹാജരാക്കിയ അപേക്ഷകൾ പരിഗണിച്ച്, ആയവ മാർഗനിർദേശങ്ങൾ പാലിച്ചാണോ പ്രവർത്തിക്കുന്നത് എന്ന് നിർദ്ധിഷ്ട കമ്മിറ്റി പരിശോധനകൾ നടത്തി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് ക്ലാസിഫിക്കേഷൻ / കാറ്റഗറി നൽകിവരുന്നു.

<u>ശിപാർശ നം. 11</u>

ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതി ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നത് ടൂറിസം വകുപ്പും ഡി.റ്റി.പി.സി.യും ചേർന്നാണ്. ആയതിലേക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണെന്നും അനുമതിപത്രത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഉത്തരവാദിത്വമാണെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ റിസോർട്ടുകളുടെ നിർമ്മാണ ഘട്ടത്തിൽ ടൂറിസം വകുപ്പിന് യാതൊരു നിയന്ത്രണവും ഇല്ല എന്നത് വലിയ ന്യൂനതയായി സമിതി കരുതുന്നു. ആയതിനാൽ കായൽതീര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിർമ്മിക്കുന്ന റിസോർട്ടുകളുടെയും ഹോം സ്റ്റേകളുടെയും നിർമ്മാണ പ്രവർത്തികൾക്ക് ഒരു ഏകീകൃത രൂപരേഖ/മാർഗ്ഗരേഖ ടൂറിസം വകുപ്പ് തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>**സർക്കാർ സ്വീകരിച്ച നടപടി**</u>

കായൽ തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക്

രൂപരേഖ തയ്യാറാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ശിപാർശ നം. 12

ഹോട്ടലുകളുടെ സ്റ്റാർ ക്ലാസിഫിക്കേഷൻ നടത്തുന്നത് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ മാർഗ്ഗരേഖകൾ പ്രകാരമാണ്. കേരളത്തിലെ കായലോര റിസോർട്ടുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും ക്ലാസിഫിക്കേഷനുമായി മാർഗനിർദ്ദേശങ്ങൾ ടൂറിസം വകുപ്പ് അടിയന്തരമായി പുറപ്പെടുവിച്ച് ആയത് നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കായൽ തിര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിർമ്മിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ശേഷം ആവശ്യമുള്ള പക്ഷം ക്ലാസ്സിഫിക്കേഷനായി സമീപിക്കുന്ന യൂണിറ്റുകൾക്ക് മാനദണ്ഡങ്ങൾ പരിശോധിച്ച് ക്ലാസിഫിക്കേഷൻ നൽകി വരുന്നു.

ഹോട്ടലുകളുടെ ക്ലാസ്സിഫിക്കേഷൻ നടത്തുന്നത് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ മാർഗരേഖകൾ പ്രകാരമാണ്. എന്നാൽ റെസ്റ്റോറന്റുകൾക്ക് 1 മുതൽ 5 വരെ സ്റ്റാർ കാറ്റഗറി ടൂറിസം വകുപ്പ് നൽകിവരുന്നുണ്ട്. ഇത്തരം കാറ്റഗറി / ക്ലാസിഫിക്കേഷൻ നൽകുന്നതിന് താഴെ പറയുന്ന രേഖകൾ അനിവാര്യമാണ്.

1. Copy of Land Use Permit from local authorities
2. Certificate/ license from Panchayath/ Municipality/ Corporation to show that your establishment is registered as a restaurant.
3. Clearance Certificate from Municipal Health Officer/ Sanitary Inspector giving clearance to your establishment from sanitary/ hygenic point of view.
4. Sanctioned building plans/ occupancy certificate

5. If classified earlier, a copy of the earlier "Certificate of Classification issued by Department of Tourism".
6. Copy of Memorandum and Articles of Association (if company)
7. If partnership:-Copy of Partnership deed and certificate of Registration (attested by public notary)
8. Lease agreement in case of leased property (Minimum lease period should be more than 3 years)
9. Possession Certificate from Village Office
10. Tax receipt (land)from village office
11. Tax receipt (building)from LSGD.
12. Professional tax receipt from LSGD.
13. Approved Plan.
14. Building permit from LSGD
15. Food Safely Certificate from Food Safely and Standards Authority of India (FSSAI).
16. No objection certificate from Police Authority.
17. Clearance from Pollution Control Board.
18. Clearance from Forest and Environment Authority.
19. Clearance from CRZ Authority.
20. Clearance certificate from Sanitary Officer.
21. Fire and Safely Certificate or certificate of installing fire fighting equipments.
22. Certificate of staff trained in fire fighting chill.
23. Staff details (Name, Designation, Qualification).

24.Staff Qualification certificate (10% for 1 star, 15% for 2 star, 20% for 3 star, 40% for 4 star, 50% for 5 star)

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഇത്തരം നിർമ്മിതികളുടെ പ്രാരംഭ ഘട്ടത്തിലും ശേഷവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വേണ്ട അനുബന്ധ രേഖകൾ, ക്ലാസിഫിക്കേഷൻ അപേക്ഷ നൽകുമ്പോൾ സമർപ്പിക്കേണ്ടതുണ്ട്. (Copy of Land Use Permit from local authorities, Certificate/ license from Panchayath/ Municipally/ Corporation to show that the establishment is registered as a restaurant, Sanctioned building plans/ occupancy certificate. Possession Certificate from Village Office, Tax receipt (land) from village office, Via receipt (building) from LSGO. Professional tax receipt from LSGD, Approved Plan, Building permit from LSGD, Clearance from CRZ Authority).

വനം, പരിസ്ഥിതി വകുപ്പിന്റെ സർട്ടിഫിക്കറ്റും അനിവാര്യമാണ്.

## ശിപാർശ നം. 15

സംസ്ഥാന സർക്കാരിന്റെ 'പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് ' എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയായ "വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൗൺ ഡസ്റ്റിനേഷൻസ് അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2019-20)"ന്റെ ആദ്യ ഘട്ടത്തിലൂടെ 79 തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനായി രണ്ട് ഏജൻസികളെ കണ്ടെത്തി തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സമിതി

നിരീക്ഷിക്കുന്നു. പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രസ്തുത പദ്ധതി പ്രവർത്തിപഥത്തിൽ എത്തിക്കുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പ്രൊജക്റ്റ് ഗ്രീൻ ഗ്രാസ്സ് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എയ്റോബിക്ക് കംപോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**ശിപാർശ നം. 16**

കായൽതീര വിനോദസഞ്ചാരം പരിപോഷിപ്പിക്കുവാൻ കായൽ തീരവും കായലും മാലിന്യമുക്തമായി നിലനിർത്തേണ്ടതുണ്ട്. റിസോർട്ടുകളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനായി റിസോർട്ട് നിർമ്മിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കുമ്പോൾ തന്നെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഉൾക്കൊള്ളിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. കായലോരങ്ങളിൽ ടൂറിസവുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ മാലിന്യസംസ്കരണ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടെങ്കിലും, മിക്ക കെട്ടിടങ്ങളും റസിഡൻഷ്യൽ ബിൽഡിംഗുകളായി പണിതശേഷം ഹോം സ്റ്റേകളാക്കി മാറ്റുന്നതിനാൽ, നിർമ്മാണ ഘട്ടത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തുവാൻ സാധിക്കാറില്ലെന്നും, ഹോട്ടലുകൾ/ റിസോർട്ടുകൾ മുതലായ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണങ്ങളിൽ ഖരദ്രവ്യ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പെടുത്തിയാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകാറുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. റിസോർട്ടുകളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്ന് മാത്രമല്ല അവ

സാങ്കേതികമായി പ്രവർത്തനക്ഷമമാണോ എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അവയ്ക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് അനുവദിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

റിസോർട്ടുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രസ്തുത വിഷയം വിനോദസഞ്ചാര വകുപ്പിന്റെ പരിധിയിൽ വരുന്നില്ല.

ശിപാർശ നം. 17

വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മികച്ച ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പദ്ധതികൾ നടപ്പാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുന്ന "വേൾഡ് ക്ലാസ് ടോയ്‌ലറ്റുകളുടെ നിർമ്മാണം" പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വർക്കല ബീച്ച്, പൂക്കോട്, കൊല്ലം ബീച്ച്, ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച് തുടങ്ങിയ ആറു കേന്ദ്രങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതിക്കും രണ്ടാം ഘട്ടത്തിൽ ബേക്കൽ ബീച്ച്, കാരാപ്പുഴ ഡാം, ബട്ട് റോഡ്, ബീച്ച് പാർക്ക്, കോഴിക്കോട്, ശംഖുമുഖം ബീച്ച്, മൂന്നാർ ബോട്ടാണിക്കൽ ഗാർഡൻ, മലമ്പുഴ എന്നിവിടങ്ങളിൽ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി മറ്റൊരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുവാൻ കിറ്റ്കോ-യെ ചുമതലപ്പെടുത്തിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വേൾഡ് ക്ലാസ് ടോയ്‌ലറ്റുകളുടെ നിർമ്മാണ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന്

സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റുകളുടെ നിർമ്മാണം നടന്നു വരികയാണ്. അതിൽ പൂക്കോട്, കാരാപ്പുഴ, കോഴിക്കോട്, ബേക്കൽ എന്നിവിടങ്ങളിൽ പദ്ധതി പൂർത്തിയായി. മറ്റ് സ്ഥലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

## ശിപാർശ നം. 18

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സമഗ്ര ശുചീകരണവും, മാലിന്യ നിർമ്മാർജ്ജനവും ലക്ഷ്യമാക്കികൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനതലത്തിൽ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ മേൽനോട്ടത്തിൽ ക്ലീൻ കേരള ക്ലീൻ വേമ്പനാട് പദ്ധതികൾ മുഖേനയും മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനും ക്ലീൻ കേരള, ക്ലീൻ വേമ്പനാട് പദ്ധതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്ന് പോകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സമഗ്ര ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതി 14

ജില്ലകളിലും ഡി.റ്റി.പി.സി. മുഖേന നടന്നുവരുന്നു.

## ശിപാർശ നം. 19

കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോട്ടയം ജില്ലയിലെ കുമരകത്തും, ആലപ്പുഴയിലും കായലോര പരിസ്ഥിതി സംരക്ഷണവും ജലാശയങ്ങളിലെയും കായലോരങ്ങളിലെയും മലിനീകരണ നിർമ്മാർജ്ജനവും ലക്ഷ്യമിട്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (Sewage Treatment Plant) സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് നവീകരണ പ്രവർത്തനങ്ങൾക്കായി അടച്ചിട്ടിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം നേരിട്ട് കായലിലേയ്ക്ക് പുറന്തള്ളുന്ന ദുരവസ്ഥ നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു. ഇത്തരത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിക്കാത്തതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക മലിനീകരണത്തിന്റെ വ്യാപ്തിയിൽ സമിതി കടുത്ത ഉത്കണ്ഠ രേഖപ്പെടുത്തുന്നു. സാങ്കേതികമോ മറ്റു കാരണങ്ങളാലോ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം നിലച്ചുപോകുന്ന സന്ദർഭങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ അടിയന്തര സ്വഭാവം ഉൾക്കൊണ്ട് ആവശ്യമായ ബദൽ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആലപ്പുഴ ജില്ലയിലെ എച്ച് ബ്ലോക്കിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ബദൽ സംവിധാനം എന്ന നിലയിൽ ആലപ്പുഴ ജില്ലയിൽ സർവ്വീസ് നടത്തുന്ന പുരവഞ്ചികളിലെ മാലിന്യം ശേഖരിച്ച് ബാർജ് ഉപയോഗിച്ച് കോട്ടയം ഡി.റ്റി.പി.സി. മുഖേന പ്രവർത്തിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വട്ടക്കായലിൽ പുതിയ

STP സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ നം. 20</u>

ആലപ്പുഴ 'എച്ച് ' ബ്ലോക്കിലും കുമരകത്തും പ്രവർത്തനരഹിതമായിട്ടുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നവീകരണം അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കുമരകം കവണാറ്റിൻ കരയിൽ ഡിറ്റിപിസി യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിച്ച് നിലവിൽ പ്രവർത്തനക്ഷമമാണ്. ഓൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് എച്ച് ബ്ലോക്കിലെ പ്ലാന്റ് സ്ഥിതി ചെയ്യുന്നത് പ്രസ്തുത സ്ഥലം തിരിച്ച് നല്കിയാൽ പ്ലാന്റ് പുതുക്കി പ്രവർത്തന സജ്ജമാക്കാൻ തയ്യാറാണെന്നുള്ള ടി സംഘടനയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം തിരിച്ച് നല്കുന്നത് സർക്കാരിന്റെ പരിശോധനയിലാണ്.

<u>ശിപാർശ നം. 21</u>

കുമരകത്തെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേമ്പനാട്ട് കായലിൽ നിന്നും ഒരു കിലോമീറ്ററോളം മാറി കവണാറ്റിൻതീരത്താണ് സ്ഥിതിചെയ്യുന്നത്. കായലിൽ നിന്നും ബാർജ്ജിൽ മാലിന്യം ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുകയാണ്. എന്നാൽ 2019-ലെ വെള്ളപ്പൊക്കത്തിൽ ബാർജ്ജിന് കേടുപാടുകൾ സംഭവിച്ചതിനാൽ മാലിന്യശേഖരണം കാര്യക്ഷമമായി നടപ്പാക്കുവാൻ സാധിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ

ബാർജ്ജിന്റെ നിർമ്മാണം ത്വരിതപ്പെടുത്തി ആയത് മാലിന്യ ശേഖരണത്തിന് ഉപയുക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കുമരകം മേഖലയിലെ ഹൗസ് ബോട്ടുകളിലെ മാലിന്യം ശേഖരിക്കുവാൻ ഉപയോഗിച്ചിരുന്ന ബാർജ് പ്രളയത്തിൽ തകർന്ന് പോയതിനെ തുടർന്ന് 15 cum കപ്പാസിറ്റിയുള്ള പുതിയ ബാർജ്ജ് നിർമ്മിക്കുകയും ടി ബാർജ് ഉപയോഗിച്ച് മാലിന്യം ശേഖരിച്ച കവണാറ്റിൻകരയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ കോട്ടയം DTPC മുഖേന സംസ്കരിച്ച് വരുന്നു. ടി ബാർജിന്റെ കപ്പാസിറ്റി നിലവിൽ 120 KLD ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ നം. 33

കായൽ മലിനീകരണം നിയന്ത്രിക്കാൻ ഉത്തരവാദിത്ത മിഷൻ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഹരിത പെരുമാറ്റ ചട്ടം, വാഹകശേഷി പഠനം, വൃത്തിയുള്ള വേമ്പനാട് സംരംഭത്തിന്റെ രണ്ടാം ഘട്ടം, മാലിന്യ മുക്ത അഷ്ടമുടി പദ്ധതി എന്നിവ എത്രയും പെട്ടെന്ന് നടപ്പിലാക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് 2017-18 സാമ്പത്തിക വർഷം ആരംഭിച്ചിരുന്ന ആദ്യ ഘട്ടത്തിൽ ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി, മുഹമ്മ എന്നീ പ്രദേശങ്ങളിൽ ഹൗസ് ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ, ശിക്കാരകൾ വിവിധ എൻജിസികൾ എന്നിവരുമായി ചേർന്നാണ് പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി ക്ലീനിംഗ് ക്യാമ്പയിനുകൾ മാലിന്യ

സംസ്കരണത്തിനുള്ള പരിശീലനങ്ങൾ എന്നിവ നടത്തുകയുണ്ടായി ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ട് ഉടമകളുടെ സംഘങ്ങൾ, കെ ടി എം ആലപ്പുഴ ചാപ്റ്റർ, പോല്യൂഷൻ കൺട്രോൾ ബോർഡ്, കോളേജുകളിലെ ടൂറിസം ക്ലബ്ബുകൾ, എൻ എസ് എസ് എന്നിങ്ങനെ വിവിധ സംഘടനകളുടെ സഹകരണത്തോടെ യാണ് ആലപ്പുഴയിലെ പ്രവർത്തനങ്ങൾ നടത്തിയത് തുടർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് പദ്ധതി കമരകം പ്രദേശത്തേക്ക് വ്യാപിപ്പിച്ചു. തുടക്കത്തിൽ കുമരകം പ്രദേശത്തെ വിവിധ ടൂറിസം സംരഭകരുമായും പിന്നീട് കുമാരകം വിനോദസഞ്ചാരം കേന്ദ്രം ഉൾപ്പെടുന്ന അയ്മനം ഗ്രാമ പഞ്ചായത്തുമായി ചേർന്നും കായൽ ശുചീകരണം നടത്തി പദ്ധതിയിൽ വേമ്പനാട് കായൽ പരിസരത്തുള്ള എല്ലാവിധ ടൂറിസം സംരഭങ്ങളെയും ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയുടെ ഭാഗമായി പ്രദേശത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന്, ആദ്യ നടപടി എന്ന നിലയിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഒഴിവാക്കി തുണി സഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി 5000 തുണി സഞ്ചികൾ പദ്ധതി പ്രദേശത്തുള്ള വിവിധ ടൂറിസം സംരഭകർക്കായി വിതരണം ചെയ്തു. ആർ.ടി.മിഷന്റെ ഒരു രജിസ്റ്റേർഡ് യൂണിറ്റായ "ആർ ടി ഗ്രീൻ ഫീൽഡ് വേസ്റ്റ് മാനേജ്മെന്റ് ടീം കുമരകം ഭാഗത്തെ വിവിധ റിസോർട്ടുകൾ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഏരിയ, മുഹമ്മ, ആലപ്പുഴ ബീച്ച് ഏരിയ എന്നിവിടങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യം കരാർ അടിസ്ഥാനത്തിൽ ശേഖരിച്ച് തരം തിരിച്ച് ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ മേഖലയിലെ അവരുടെ പ്ലാന്റിൽ എത്തിച്ച് പ്ലാസ്റ്റിക് ഗ്രാന്യൂലുകളാക്കിവിൽക്കുന്നു. 2017 മുതൽ ലോക്ക്ഡൗൺ തുടങ്ങുന്നതുവരെ മേൽ പ്രവർത്തങ്ങൾ തുടർന്നിരുന്നു.

1. **<u>ക്ലീൻ കേരള ഇനിഷ്യയേറ്റിവ്</u>**

ക്ലീൻ വേമ്പനാട് പദ്ധതിയുടെ തുടർച്ചയായി 2018-19 സാമ്പത്തിക വർഷം ക്ലീൻ കേരള ഇനിഷ്യേറ്റിവ് എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതികളുടെ ഭാഗമായി

കുമരകം പ്രദേശത്തെ ടൂറിസം സ്റ്റേക്ക് ഹോൾഡേഴ്സിനായി മൂന്നുഘട്ടങ്ങളിലായി മാലിന്യ സംസ്കരണ പരിശീലനങ്ങൾ നടത്തി ആദ്യ ഘട്ടത്തിൽ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായും രണ്ടാംഘട്ടത്തിൽ മോട്ടോർ ബോട്ടുകൾ, ശിക്കാര ഓപ്പറേറ്റർമാർ എന്നിവർക്കും മൂന്നാം ഘട്ടത്തിൽ ഹൗസ് ബോട്ട് മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിവർക്കുമായി ആകെ 380 ആളുകൾക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകി.

സംസ്ഥാനത്തെ 21 കേന്ദ്രങ്ങളിൽ ക്ലീൻ കേരള ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ആദ്യ ഘട്ടത്തിൽ 9 (കോവളം, അഷ്ടമുടി, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, വയനാട്, ബേക്കൽ) കേന്ദ്രങ്ങളെ തെരഞ്ഞെടുത്തു.

കെ.ടി.എം സൊസൈറ്റിയുമായി ചേർന്നാണ് ക്ലീൻ കേരള ഇനിഷ്യേറ്റീവ് നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങൾ പ്ലാസ്റ്റിക് ഫ്രീ ആക്കുന്നതിന്റെ ആദ്യ നടപടി എന്ന നിലയിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഒഴിവാക്കി തുണിസഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി 50000 തുണി സഞ്ചികൾ പദ്ധതി പ്രദേശത്തുള്ള വിവിധ ടൂറിസം സംരംഭകർക്കായി വിതരണം ചെയ്തു. ഈ പ്രദേശങ്ങളിലെ ടൂറിസം മേഖലയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന്റെ ഭാഗമായി 19 ഇന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കുന്നതിന് ടൂറിസം സംരംഭകർക്കിടയിൽ പ്രചരണം നടത്തുകയുണ്ടായി. സംസ്ഥാന വ്യാപകമായി 1008 അക്കോമഡേഷൻ യൂണിറ്റുകൾ ആർ ടി മിഷൻ നിശ്ചയിച്ച പ്രകാരമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കിക്കൊണ്ട് പ്ലാസ്റ്റിക് ഫ്രീ ആയി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്.

2020 ജനുവരി മാസത്തോടെ കുമരകം വിനോദസഞ്ചാര കേന്ദ്രത്തിലെ ഹോട്ടലുകൾ, റിസോർട്ടുകൾ ഉൾപ്പെടെ എല്ലാ അക്കോമഡേഷൻ യൂണിറ്റുകളും, 50 ഹൗസ് ബോട്ടുകൾ, എല്ലാ മോട്ടോർ ബോട്ടുകളും ശിക്കാരകളും നിശ്ചയിച്ച

പ്രകാരമുള്ള 19 ഇന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കി. ഇതിൽ തന്നെ 28 ഇനം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കിയവരുമുണ്ട്. ഇത് ടൂറിസം രംഗത്തെ ഒരു പ്രധാന നേട്ടമായി കരുതുന്നു.

ശിപാർശ നം. 34

കേരളത്തിന്റെ ടൂറിസം മേഖലയെ കാര്യക്ഷമവും സുസ്ഥിരവും ചൂഷണരഹിതവുമാക്കുന്നതിനായി കേരള ടൂറിസം നയം 2017-ൽ വിഭാവനം ചെയ്തിരുന്ന കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു.

ശിപാർശ നം. 35

നിയമങ്ങളുടെ അഭാവമല്ല മറിച്ച് നിലവിലുള്ള നിയമങ്ങൾ കൃത്യതയോടെ നടപ്പിലാക്കുന്നതിനുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ ശുഷ്കാന്തിക്കുറവാണ് ഇത്തരത്തിൽ ജലാശയങ്ങൾ മലിനപ്പെടുന്നതിനുള്ള പ്രധാന കാരണം എന്ന യാഥാർത്ഥ്യം സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മലിനീകരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ നിരീക്ഷിക്കുന്നതിനും ആയത് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനും ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ വിനോദസഞ്ചാരവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ് വകുപ്പ്, ജലവിഭവ വകുപ്പ്, ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിങ് സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു

**ശിപാർശ നം. 37**

ടൂറിസം മേഖലയുടെ ഒരു പ്രധാന വരുമാന സ്രോതസ്സായ ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിയമപരമായ ഏതൊരു അധികാരങ്ങളും ടൂറിസം വകുപ്പിനില്ല. കൂടാതെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചാലും ടൂറിസം വകുപ്പിന് യാതൊരു നിയന്ത്രണവും സ്വീകരിക്കാൻ കഴിയാതെ വരുന്നത് ടൂറിസം മേഖലയിൽ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന വകുപ്പിനെ തികച്ചും നോക്കുകുത്തിയാക്കുന്നതുപോലെയാണ്. ടൂറിസവും മറ്റനുബന്ധ മേഖലകളിലും പ്രത്യക്ഷമായും പരോക്ഷമായും കോടിക്കണക്കിന് രൂപ ചെലവാക്കുന്ന ടൂറിസം വകുപ്പിന് ടി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലുള്ള അപാകത, ഉത്തരവാദിത്തമില്ലായ്മ എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവയുടെമേൽ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

Kerala Registration of Tourist Trade Act 1991 എന്ന ആക്ട് ഇപ്പോൾ

നിലവിലുണ്ട്. പ്രസ്തുത ആക്ടിൽ നിയമപരിഷ്കാര കമ്മീഷൻ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആക്ട് ഭേദഗതി ചെയ്യുമ്പോൾ സമിതിയുടെ ശിപാർശകൾ കൂടി ഉൾപ്പെടുത്തുന്നതാണ്.

**മത്സ്യബന്ധന തുറമുഖ വകുപ്പ്**

ശിപാർശ നം. 32

കായൽ ടൂറിസത്തിന് വിഘാതം സൃഷ്ടിക്കുന്ന ആഫ്രിക്കൻ പായൽ നിർമ്മാർജ്ജനം ചെയ്യുന്ന നടപടി പുനരാരംഭിക്കണം

**സർക്കാർ സ്വീകരിച്ച നടപടി**

കായലുകളിലെ ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവ കായൽ ടൂറിസത്തിനും, കായലിലെ മത്സ്യബന്ധനത്തിനും, കായലിലെ ആവാസവ്യവസ്ഥയ്ക്കും കോട്ടം വരുത്തുന്നതിനാൽ ഇതിന്റെ നിർമ്മാർജ്ജനത്തിന് സത്വര നടപടികൾ സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

2020-21 കാലഘട്ടത്തിൽ മത്സ്യസംഘങ്ങളുമായി ചേർന്ന് ചേർത്തല, അമ്പലപ്പുഴ, കുട്ടനാട് എന്നിവിടങ്ങളിലെ പോളപ്പായലുകൾ നീക്കം ചെയ്യുകയുണ്ടായി ഇതിനു താല്കാലികമായി ആശ്വാസം ലഭിച്ചെങ്കിലും ഈ സ്ഥലങ്ങളിൽ പായൽ അതിവേഗം വ്യാപിക്കുകയുണ്ടായി.

കായലുകളും തോടുകളും നിറഞ്ഞ് കവിഞ്ഞ് വളരുന്ന പോളപ്പായൽ ഉറവിടത്തിൽ തന്നെ നിർമ്മാജ്ജനം ചെയ്യുന്നതിനുള്ള ശാസ്ത്രീയമായ പദ്ധതികൾ ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ കുളവാഴകൾ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

2022-23 കാലയളവിൽ ഫിഷറീസ് വകുപ്പ് മുഖേന ആലപ്പുഴ ജില്ലയിലെ

കൈനക്കരി, പാണാവള്ളി, ചെന്നംപള്ളിപ്പുറം, മുട്ടാർ, കാവാലം എന്നീ പഞ്ചായത്തുകളിലെയും കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്തിലെയും വേമ്പനാട് കായലുമായി ബന്ധപ്പെട്ട കനാലുകളുടെയും തോടുകളുടെയും ശുചീകരണവും നവീകരണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ച് നൽകുകയും നവീകരണ പ്രവർത്തനങ്ങൾ തുടർന്ന് വരികയുമാണ്. ഹൈഡ്രോളിക്ക് എക്സ്കവേറ്റർ മുഖേനയും മത്സ്യത്തൊഴിലാളികൾ, സി.ഡി.എസ്, എൻ.ആർ.ഇ.ജി ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള പഞ്ചായത്തുതല കോർഡിനേഷൻ കമ്മിറ്റിയുടെ സഹകരണത്തോടെയും ആണ് പദ്ധതി നടപ്പിലാക്കുന്നത് ഇത് കായലിന്റെ സ്വതസിദ്ധമായ നീരൊഴുക്ക് പുന:സ്ഥാപിച്ച് എക്കൽ അടിയുന്നത് തടയുന്നതിനും കായൽ മീനുകളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും കായൽ ടൂറിസം വികസിക്കുന്നതിനും സഹായകരമാകും.

വേമ്പനാട് കായലുമായി ബന്ധപ്പെട്ട കനാലുകളുടെ/തോടുകളുടെ പുനരുദ്ധാരണപദ്ധതിയ്ക്കായി നടപ്പു സമ്പത്തിക വർഷവും ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് അതിൻ പ്രകാരം ആലപ്പുഴ ജില്ലയിലെ എഴുപുന്ന (35,15,932/- രൂപ), തൈക്കാട്ടുശ്ശേരി (35,00,000/- രൂപ), വയലാർ (29,84,068/- രൂപ) (GST ഉൾപ്പെടെ) ഗ്രാമപഞ്ചായത്തുകളിലെ തോടുകൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി എഴുപുന്ന ഗ്രാമപഞ്ചായത്തിലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകൾ നവീകരിക്കുന്നതിനായി 35,15,932/- രൂപ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ നം. 4</u>

കായലോര വിനോദസഞ്ചാരത്തിന്റെ മുഖ്യ ആകർഷണമാണ് ഹൗസ് ബോട്ടുകൾ, എന്നാൽ ഹൗസ് ബോട്ടുകൾ പുറന്തള്ളുന്ന മാലിന്യം കായൽ ജലത്തിന്റെ മലിനീകരണത്തോത് വളരെയധികം ഉയർത്തുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ആലപ്പുഴ കേന്ദ്രീകരിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ ഹൗസ് ബോട്ടുകൾ ഏറെയുള്ള വേമ്പനാട് കായലിൽ ഉയർന്ന തോതിലുള്ള കോളിഫോം ബാക്ടീരിയ കണ്ടെത്തുകയുണ്ടായി ഉയർന്ന തോതിലുള്ള ബാക്ടീരിയയുടെ അളവിനുള്ള കാരണങ്ങളിലൊന്ന് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് മാലിന്യമാണ്. കായലോര വിനോദസഞ്ചാരം നിലനിർത്തുന്നതിനായി കായൽ - നദീജല മലിനീകരണം നിയന്ത്രിക്കേണ്ടതും അതിനായി ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം അടിയന്തരമായി തടയേണ്ടതുമാണ്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സീവേജ് മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ ഹൗസ് ബോട്ടുകളിലും ബയോ ടാങ്കുകൾ ഫിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബയോ ടാങ്കുകൾ ഉള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ഫിറ്റ്നസ്സ് നല്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റുകളുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമേ തുറമുഖ വകുപ്പ് സർവ്വേ / ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളു. ഈ വിധത്തിൽ വേമ്പനാട്ടു കായലിലെ മാലിന്യം നിയന്ത്രണ വിധേയമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശിപാർശ നം. 5</u>

ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ നിർമ്മാർജ്ജനത്തിനായി വിനോദസഞ്ചാരവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മേൽനോട്ടത്തിൽ

പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങളും തരംതിരിച്ച് ശേഖരിച്ച് പ്രതിദിനം നീക്കം ചെയ്യുന്നതിനായി ഡി.റ്റി.പി.സി. ഒരു ഏജൻസിയെ ടെണ്ടറിലൂടെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ തവണയും സർവ്വീസ് നടത്തി തിരികെ വരുന്ന ഹൗസ് ബോട്ടുകളിൽ നിന്നും ഏജൻസി നേരിട്ട് പ്രത്യേകം തയ്യാറാക്കിയ ബിന്നുകളിൽ മാലിന്യം ശേഖരിച്ച് അതാത് ദിവസം തന്നെ നീക്കം ചെയ്യുന്നുണ്ട്. സൗജന്യമായാണ് പ്രസ്തുത പ്രവൃത്തി ഡി.ടി.പി.സി നടത്തിവരുന്നത്. 2019 ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ആലപ്പുഴ പുന്നമട ഫിനിഷിംഗ് പോയിന്റ് ഹൗസ് ബോട്ട് ടെർമിനൽ പരിസരത്താണ് ആരംഭിച്ചിരിക്കുന്നതെന്നും അടുത്ത ഘട്ടത്തിൽ ഹൗസ് ബോട്ടുകൾ കേന്ദ്രീകരിക്കുന്ന മറ്റ് മേഖലകളിലേയ്ക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ഹൗസ് ബോട്ട് ടെർമിനലുകൾ കേന്ദ്രീകരിച്ച് മാലിന്യശേഖരണത്തിനും നീക്കം ചെയ്യലിനുമുള്ള പദ്ധതി ആലപ്പുഴ കൂടാതെ മറ്റ് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കണമെന്നും അതിനുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

മാലിന്യ ശേഖരം നടത്തുന്നത് ഡിസ്ട്രിക്ട് ടൂറിസം പ്രമേഷൻ കൗൺസിലിന്റെ നേതൃത്വത്തിലാണ്. മാലിന്യ ശേഖരണത്തിനും നീക്കം ചെയ്യുന്നതിനും നിലവിൽ ആലപ്പുഴക്ക പുറമേ, കുമരകത്തും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് മറ്റ് മേഖലകളിലേയ്ക്കും ഈ നടപടി വ്യാപിപ്പിക്കുന്നതാണ്.

## ശിപാർശ നം. 6

ഹൗസ് ബോട്ടുകളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക്ക് ജൈവ - അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി ഹൗസ് ബോട്ടുകളിൽ പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇവിടെ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് കരയിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ നിക്ഷേപിച്ച് സംസ്കരിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ റൂൾ കർശന പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഹൗസ് ബോട്ടുകളിൽ ജൈവ-അജൈവ മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും തരം തിരിച്ചാണ് ശേഖരിക്കുന്നത്. ഇത്തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് ബോട്ടുകളുടെ വാർഷിക സർവ്വേ സമയത്ത് പരിശോധിക്കുന്നുണ്ട്. കൂടാതെ പ്രത്യേക പരിശോധനകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിശോധിക്കുന്നുണ്ട്.

## ശിപാർശ നം. 7

ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നിയമപരമായ യാതൊരു അധികാരവുമില്ലെന്നും ഹൗസ് ബോട്ടുകൾക്കുള്ള രജിസ്ട്രേഷൻ ലൈസൻസ് നൽകുന്നത് തുറമുഖ വകുപ്പാണെന്നും സമിതി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കണക്കിലെടുത്ത് സുരക്ഷാ സേവന മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഹൗസ് ബോട്ടുകളെ ക്ലാസിഫൈ ചെയ്യുന്ന ഒരു പദ്ധതി

(അതിനുള്ള മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ) ആവിഷ്കരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ക്ലാസിഫിക്കേഷൻ അനുസരിച്ച് ഹൗസ് ബോട്ടുകളുടെ റേറ്റിംഗും സ്വീകാര്യതയും വിലയിരുത്തപ്പെടുമെന്നതിനാൽ മലിനീകരണ സംവിധാനങ്ങൾ പരിഷ്കരിക്കുന്നത് ഉൾപ്പെടെയുള്ള ഘടകങ്ങൾ മെച്ചപ്പെടുത്തുവാൻ ബോട്ടുടമകൾ നിർബന്ധിതരാകുമെന്ന് സമിതി കരുതുന്നു. ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടത്തി അതനുസരിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ടൂറിസം വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമായി നടപ്പാക്കിയാൽ (Mandatory) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യപ്രശ്നങ്ങൾക്ക് അറുതിയാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. ആയതിനാൽ ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ മാലിന്യനിർമ്മാർജ്ജനം/സംസ്കരണം ഒരു മുഖ്യഘടകമായി ഉൾക്കൊള്ളിക്കണമെന്നും ക്ലാസിഫിക്കേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### ശിപാർശ നം. 20

ആലപ്പുഴ 'എച്ച് ' ബ്ലോക്കിലും കുമരകത്തും പ്രവർത്തനരഹിതമായിട്ടുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നവീകരണം അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

കുമരകത്തുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. 'എച്ച്' ബ്ലോക്കിലെ പ്ലാന്റിന്റെ പുന:നിർമ്മാണത്തിനു KITCO യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പണി പൂർത്തിയാകാത്തതിനാൽ ഡിടിപിസി ബാർജിൽ മാലിന്യം ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ശിപാർശ നം. 21

കുമരകത്തെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേമ്പനാട്ട് കായലിൽ നിന്നും ഒരു കിലോമീറ്ററോളം മാറി കവണാറ്റിൻതീരത്താണ് സ്ഥിതിചെയ്യുന്നത്. കായലിൽ നിന്നും ബാർജ്ജിൽ മാലിന്യം ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുകയാണ്. എന്നാൽ 2019-ലെ വെള്ളപ്പൊക്കത്തിൽ ബാർജ്ജിന് കേടുപാടുകൾ സംഭവിച്ചതിനാൽ മാലിന്യശേഖരണം കാര്യക്ഷമമായി നടപ്പാക്കുവാൻ സാധിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ ബാർജ്ജിന്റെ നിർമ്മാണം ത്വരിതപ്പെടുത്തി ആയത് മാലിന്യ ശേഖരണത്തിന് ഉപയുക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

കമരകത്തുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. ഡി.റ്റി.പി.സി. യുടെ ഹൗസ് ബോട്ട് ടെർമിനലുകൾ കേന്ദ്രീകരിച്ച് മാലിന്യസംസ്കരണത്തിനായി സ്വീവേജ് കളക്ഷൻ ബാർജ്ജുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ശിപാർശ നം. 29

കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി, ഈ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾ ഹൗസ് ബോട്ടുകളുടെ പ്രവർത്തനം എന്നിവയ്ക്ക് പ്രവർത്തനാനുമതി നൽകുന്ന വേളയിൽ തന്നെ മാലിന്യ നിയന്ത്രണമടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ടൂറിസം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, തുറമുഖം എന്നീ വകുപ്പുകളുടെ ഒരു ഏകോപനസമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ നം. 32

ജലാശയങ്ങളിൽ കാണപ്പെടുന്ന വളരെ പെട്ടെന്ന് വളരുകയും വ്യാപിക്കുകയും ചെയ്യുന്ന ആൽഗകളായ ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവ ജലഗതാഗതത്തിനും മത്സ്യസമ്പത്തിനും ഭീഷണിയാകുന്നുണ്ട്. പായൽ നിറയുന്നതുമൂലം ജലത്തിന്റെ ഒഴുക്ക് നിലയ്ക്കുന്നതുവഴി കൊതുകുകളും മറ്റ് ക്ഷുദ്രജീവികളും മുട്ടയിട്ട് പെറ്റുപെരുകി പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കായൽ ടൂറിസത്തിന് വിഘാതം സൃഷ്ടിക്കുന്ന ആഫ്രിക്കൻ പായൽ നിർമ്മാർജ്ജനം ചെയ്യുന്ന നടപടി പുനരാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഡി.ടി.പി.സി യും നടപടി സ്വീകരിക്കുന്നുണ്ട്.

ശിപാർശ നം. 33

കായൽ മലിനീകരണം നിയന്ത്രിക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഹരിത പെരുമാറ്റ ചട്ടം, വാഹകശേഷി പഠനം, വൃത്തിയുള്ള വേമ്പനാട് സംരംഭത്തിന്റെ രണ്ടാം ഘട്ടം, മാലിന്യ മുക്ത അഷ്ടമുടി പദ്ധതി എന്നിവ എത്രയും പെട്ടെന്ന് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ 26-മത് റിപ്പോർട്ടിന്മേൽ വിദേശ ടൂറിസത്തേക്കാൾ അധികം ആഭ്യന്തര ടൂറിസം ആണ് വേമ്പനാട് കായലിനെ മലിനമാക്കുന്നതെന്ന് പ്രതിപാദിച്ചിരുന്നു. ആയത് പ്രകാരം പ്ലാസ്റ്റിക് കപ്പികളിലെ വെള്ളം, പാക്കറ്റുകളിലെ ഭക്ഷണ സാധനങ്ങൾ എന്നിവയ്ക്കു പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിന് വിനോദസഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് ബോട്ടുടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബോട്ടുകളിൽ തന്നെ ശുദ്ധമായ കുടിവെള്ളം, ഭക്ഷണം എന്നിവ ക്രമീകരിച്ച് ഹൈജീനിക്കായ ടൂറിസത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ബോട്ടുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കായൽ സന്ദർശനത്തിനെത്തുന്ന വിനോദ സഞ്ചാരികൾ പാലിക്കേണ്ട ഹരിത പെരുമാറ്റ ചട്ടം തയ്യാറാക്കി ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷനുകൾക്ക് നൽകിയിട്ടുണ്ട്. ഹരിത പെരുമാറ്റ ചട്ടം ഇംഗ്ലീഷിലും മലയാളത്തിലും എഴുതി ബോട്ടിൽ പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ടി കാര്യങ്ങൾ വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് നൽകുന്ന സമയത്ത് ഉറപ്പാക്കുന്നതിന് സർവ്വേയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ആഭ്യന്തര വകുപ്പ്**

ശിപാർശ നം. 35

കായൽത്തീര വിനോദസഞ്ചാര കേന്ദ്രത്തിലെ മലിനീകരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ നിരീക്ഷിക്കുന്നതിനും ആയത് ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ വിനോദസഞ്ചാര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ് വകുപ്പ്, ജലവിഭവ വകുപ്പ്, ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിങ് സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

വിനോദ സഞ്ചാര കേന്ദ്രങ്ങളും ജലാശയങ്ങളും മലിനമാക്കുകയും പരിസ്ഥിതിയ്ക്ക് ദോഷം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും ജലാശയങ്ങളിലെയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലെയും മലിനീകരണം തടയുന്നതിനായി ജില്ലാഭരണകൂടം നടത്തുന്ന പ്രവർത്തനങ്ങൾക്ക് പോലീസ് വകുപ്പിൽ സബ്ഡിവിഷൻ ഉദ്യോഗസ്ഥർ മുഖേന എല്ലാ സ്റ്റേഷൻ അധികാരികൾക്കും നിർദ്ദേശം ജില്ലാ പോലീസ് മേധാവികൾ മുഖേന നൽകിയിട്ടുണ്ട്.

കായൽതീര വിനോദ സഞ്ചാര മേഖലകളുടെ മലിനീകരണവുമായി ബന്ധപ്പെട്ട് വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും നിയമപ്രകാരമുള്ള ഫൈൻ ബഹു. കോടതി മുഖാന്തിരം ഈടാക്കുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും പരിരക്ഷ നൽകുന്നതു പോലെ തന്നെ അതീവപ്രാധാന്യമുള്ള പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായുള്ള കായൽതീര സംരക്ഷണം നടത്തുന്നതിനും ഇവ കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം വേണ്ടിവരുന്നതും പോലീസ് വകുപ്പ് ഇക്കാര്യത്തിൽ

വാഹനപരിശോധനകളും പട്രോളിംഗ് സംവിധാനത്തിൽ കൂടിയും മലിനീകരണം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

3. സമിതിയുടെ "വനമേഖലയിലെ ഇക്കോടൂറിസം" എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിൽ 8 ശിപാർശകളാണുള്ളത്. ഇതിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത് വനം-വന്യജീവി വകുപ്പാണ്. പ്രസ്തുത ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയിട്ടില്ല.

**എ.കെ.ശശീന്ദ്രൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18